"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കേരള നേഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ - താത്കാലിക അടിസ്ഥാനത്തിൽ അനുവദിച്ച ഡേറ്റ എൻട്രി ഓപ്പറേറ്റർ തസ്തികകൾക്ക് തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.192/2025/H&FWD തീയതി,തിരുവനന്തപുരം, 12-07-2025

---

| | | |
|---|---|---|
| പരാമർശം:- | 1. | സ.ഉ (പി) നം. 26/82/പൊ.ഭ.വ തീയതി 27.01.1982 |
| | 2. | സ.ഉ (കൈ) നം. 163/2023/ആ.കു.വ തീയതി 21.07.2023 |
| | 3. | സ.ഉ (കൈ) നം. 68/2024/ആ.കു.വ തീയതി 15.03.2024 |
| | 4. | സ.ഉ (കൈ) നം. 75/2024/ആ.കു.വ തീയതി 16.03.2024 |
| | 5. | സ.ഉ (കൈ) നം. 341/2024/ആ.കു.വ തീയതി 15.11.2024 |
| | 6. | കേരള നഴ്സസ് ആന്റ് മിഡ്വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ 03.03.2025 ലെ ബി/54946/2022/എൻ.സി നമ്പർ കത്ത് |

**ഉത്തരവ്**

കേരള നേഴ്സസ് & മിഡ്‌വൈവ്സ് കൗൺസിലിലെ ജോലിഭാരം കണക്കിലെടുത്ത് 4 ഡേറ്റ എൻട്രി ഓപ്പറേറ്റർ തസ്തികകൾ ഒരു വർഷ കായലളവിലേക്ക് സൃഷ്ടിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. പരാമർശം (1) ലെ വ്യവസ്ഥകൾക്ക് വിധേയമായി 4 ഡേറ്റ എൻട്രി ഓപ്പറേറ്റർ തസ്തികകളിൽ നിയമിതരായവർക്ക് 179 ദിവസക്കാലയളവിലേക്കാണ് ആദ്യം നിയമനം നൽകിയിരുന്നത്. ടി തസ്തികയിൽ നിന്നും വിടുതൽ നേടി പോയ ഒരാളൊഴികെ ബാക്കിയുള്ള 3 പേരുടെ സേവനകാലയളവ് 179 പൂർത്തീകരിച്ച സന്ദർഭത്തിൽ പരാമർശം (1) ലെ വ്യവസ്ഥകൾക്ക് വിധേയമായി 179 ദിവസത്തേക്ക് കൂടി തുടരുന്നതിന് പരാമർശം (4) പ്രകാരം അനുമതി നൽകുകയുണ്ടായി.

**2.** കേരള നേഴ്സസ് & മിഡ്‌വൈവ്സ് കൗൺസിലിലെ വർദ്ധിച്ച ജോലി ഭാരം കണക്കിലെടുത്ത് മേൽ സൂചിപ്പിച്ച 4 ഡേറ്റ എൻട്രി ഓപ്പറേറ്റർ തസ്തികകൾ കൂടാതെ പരാമർശം (3) പ്രകാരം 2 ഡേറ്റ എൻട്രി ഓപ്പറേറ്റർ തസ്തികകൾ കൂടി ഒരു വർഷ കാലയളവിലേക്ക് സൃഷ്ടിച്ചിരുന്നു. ടി തസ്തികകളിൽ ജോലി ചെയ്തിരുന്ന രണ്ട് താത്ക്കാലിക ജീവനക്കാരും 2025 ഫെബ്രുവരിയിൽ 179 ദിവസം പൂർത്തിയാക്കിയ സാഹചര്യത്തിൽ പ്രസ്തുത ജീവനക്കാരുടെ നിയമനകാലാവധി പരാമർശം (1) ലെ വ്യവസ്ഥകൾക്ക് വിധേയമായി 179 ദിവസത്തേക്ക് നീട്ടി നൽകണമെന്നും, പരാമർശം (2) പ്രകാരം സൃഷ്ടിക്കപ്പെട്ട 4 ഡേറ്റ എൻട്രി ഓപ്പറേറ്റർ തസ്തികകളിൽ,

തുടർച്ചാനുമതിക്ക് പ്രൊപ്പോസൽ സമർപ്പിച്ച വേളയിൽ തസ്തിക ഒഴിഞ്ഞുകിടന്നതുമൂലം ഒഴിവാക്കപ്പെട്ട ഒരു ഡേറ്റ എൻട്രി ഓപ്പറേറ്റർ തസ്തികക്ക് കൂടി 1 വർഷത്തേക്ക് തുടർച്ചാനുമതി നൽകണമെന്നും പരാമർശം (6) പ്രകാരം രജിസ്ട്രാർ അഭ്യർത്ഥിക്കുകയുണ്ടായി.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3) പ്രകാരം ഒരു വർഷ കാലയളവിലേക്ക് സൃഷ്ടിക്കപ്പെട്ട 2 ഡേറ്റ എൻട്രി ഓപ്പറേറ്റർ തസ്തികകളിൽ നിയമിതരായ 2 താത്ക്കാലിക ജീവനക്കാരുടെ നിയമനകാലാവധി പരാമർശം (1) ലെ വ്യവസ്ഥകൾക്ക് വിധേയമായി 179 ദിവസത്തേക്ക് കൂടി നീട്ടിനൽകികൊണ്ടും, അധിക സാമ്പത്തിക ബാദ്ധ്യത സർക്കാർ വഹിക്കില്ല എന്ന വ്യവസ്ഥയിൽ, പരാമർശം (2) പ്രകാരം അനുവദിച്ച 4 ഡേറ്റ എൻട്രി ഓപ്പറേറ്റർ തസ്തികകളിൽ, പരാമർശം (5) പ്രകാരം തുടർച്ചാനുമതിക്ക് പരിഗണിക്കാതിരുന്ന ഒരു ഡേറ്റ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന ജീവനക്കാരന് പൊതു ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി മതിയായ ഇടവേള നൽകി, നിയമനകാലാവധി 179 ദിവസത്തേക്ക് കൂടി നീട്ടി നൽകുവാനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ (ഹെൽത്ത് ബി) വകുപ്പ് (09.06.2025 ലെ 2447541/HLT-B1/84/2023-FIN പ്രകാരം).
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 14-07-2025 12:45:47
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്